# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *86** | **03/12/2014-ൽ മറുപടിക്ക്**

## അവശ്യ മരുന്നുകളുടെ വില നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ. കെ.രാജു<br>ശ്രീ.വി.ശശി | **ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കാനുള്ള നാഷണൽ അതോറിറ്റിയുടെ പ്രത്യേക അധികാരം കേന്ദ്ര സർക്കാർ എടുത്തു കളഞ്ഞതു മൂലമുണ്ടായിട്ടുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | എ) അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കാനുള്ള നാഷണൽ അതോറിറ്റിയുടെ പ്രത്യേക അധികാരം കേന്ദ്ര സർക്കാർ എടുത്തു കളഞ്ഞിട്ടില്ല. |
| ബി) മരുന്നുകൾക്ക് കൃത്രിമ ക്ഷാമം സൃഷ്ടിച്ച് അമിതവില ഈടാക്കി രോഗികളെ ചൂഷണം ചെയ്യാനുള്ള നീക്കങ്ങൾക്കെതിരെ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകൾ, ഔഷധ മൊത്ത വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിലെ പരിശോധനാ വേളയിൽ അവശ്യ മരുന്നുകളുടെ ലഭ്യത ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഉറപ്പാക്കാറുണ്ട്. അവശ്യ മരുന്നുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടാൽ, കമ്പനി, കമ്പനിയുടെ ഡിപ്പോ മുതലായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവയുടെ ലഭ്യത ഉറപ്പു വരുത്താറുണ്ട്. |
| സി) രോഗികൾക്ക് കുറഞ്ഞ നിരക്കിൽ മരുന്നുകൾ എത്തിച്ചു കൊടുക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ? | സി) നീതി, മാവേലി, കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ വഴി രോഗികൾക്ക് കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ